ഉത്തരം

(എ, ബി ആന്റ് സി) ദുരന്ത മാനേജ്മെന്റിനായി ആവശ്യമായ നിയമ നിർമ്മാണം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത നിയമത്തിൽ ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാനുള്ള വ്യവസ്ഥയും ഉൾകൊള്ളിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. എന്നാൽ 2004 ഡിസംബർ മാസത്തിലുണ്ടായ ഈ ദുരന്തത്തെ തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു വേണ്ടി ആവശ്യമായ തുക പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും (CM DRF) ചിലവഴിച്ചു വരുന്നു.

പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനായി രൂപീകരിച്ച വകുപ്പ്

17 [613] ശ്രീ. ജോണി നെല്ലൂർ:

,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനായി രൂപീകരിച്ച വകുപ്പിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

റവന്യൂ വകുപ്പിന്റെ കീഴിൽ ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിന്റെ സെക്രട്ടറിയായി ഒരു ഐ. എ. എസ്. ഉദ്യോഗസ്ഥനേയും നിയമിച്ചിട്ടുണ്ട്.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക

18 [614] ശ്രീ. ബിനോയ് വിശ്വം :

,, പി. എസ്. സുപാൽ :

,, മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്നും ഈ വർഷം ഇതുവരെ സംസ്ഥാനത്തിന് എത്ര തുക ലഭിച്ചു ;

(ബി) സുനാമി ദുരിതാശ്വാസത്തിന് മറ്റ് ദുരിതാശ്വാസത്തിനും ലഭിച്ച തുകയിൽ ഇതുവരെ ചെലവഴിച്ച സംഖ്യ ഇനം തിരിച്ച് വിശദമാക്കുമോ ;

(സി) ദുരിതാശ്വാസത്തിനുള്ള തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഇനങ്ങളിൽ എത്ര തുക വകമാറ്റിയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയിലേയ്ക്ക് കേന്ദ്ര വിഹിതമായി നടപ്പുസാമ്പത്തിക വർഷം ലഭിക്കേണ്ട 61.30 കോടി രൂപ ലഭിച്ചു. കൂടാതെ സുനാമി ദുരിതാശ്വാസത്തിനായി നാഷണൽ കലാമിറ്റി കണ്ടിജൻസി ഫണ്ടിൽ നിന്നും 100 കോടി രൂപ കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്.

(ബി) സുനാമി ദുരിതാശ്വാസം ഉൾപ്പെടെയുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 181.73 കോടി രൂപ നടപ്പു സാമ്പത്തിക വർഷം വിവിധ ജില്ലാ കളക്ടർമാർക്ക് ഇതിനകം അനുവദിച്ചിട്ടുണ്ട്. അതിൽ നിന്നും ജില്ലാ കളക്ടർമാർ തുക ചെലവഴിച്ചുവരുന്നു. ഇനംതിരിച്ചുള്ള ചെലവ് നിജപ്പെടുത്തി വരുന്നതേയുള്ളു.

(സി) ദുരിതാശ്വാസ നിധിയിൽ നിന്നും തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

കടൽ ഭൂകമ്പ ദുരിതത്തിൽപ്പെട്ട് തകർന്ന വീടുകൾ

19 [615] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 26-ലെ കടൽ ഭൂകമ്പ ദുരന്തത്തിൽപ്പെട്ട് സംസ്ഥാനത്തെ തീരദേശങ്ങളിൽ ആകെ എത്ര വീടുകളാണ് തകർന്നുപോയിട്ടുള്ളത് എന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഇതിൽ പൂർണ്ണമായും തകർന്നുപോയ എത്ര വീടുകളാണുള്ളതെന്നത് സംബന്ധിച്ച വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(സി) ഭൂമിയും വീടും അപ്പാടെ കടലെടുത്തുപോയ എത്ര കേസുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് തീരദേശത്തുതന്നെ സ്ഥലം ലഭ്യമാക്കി വീട് നിർമ്മിച്ച് നൽകുന്നതിന് കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നതിനായി ശേഖരിച്ച പ്രാഥമിക കണക്കുകൾ പ്രകാരം 17381 വീടുകൾ ഭാഗികമായോ പൂർണ്ണമായോ നഷ്ടപ്പെട്ടിട്ടുണ്ട്. (തിരുവനന്തപുരത്ത് 40-ഉം, കൊല്ലത്ത് 4930-ഉം, ആലപ്പുഴയിൽ 7116-ഉം, എറണാകുളത്ത് 4892-ഉം, തൃശ്ശൂരിൽ 403-ഉം വീടുകൾ)

(ബി) മേൽപറഞ്ഞ 17381 വീടുകളിൽ 6216 വീടുകൾ പൂർണ്ണമായി തകർന്നിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമായിട്ടില്ല.

(സി) വിവിരം ശേഖരിച്ചുവരുന്നു.

(ഡി) പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സുരക്ഷിതമായ വീടുകൾ നിർമ്മിച്ചു നൽകാൻ നടപടി സ്വീകരിച്ചുവരുന്നു. സന്നദ്ധസംഘടനകൾ, സർക്കാരേതര സംഘടനകൾ എന്നിവരുടെയും സഹായ സഹകരണങ്ങൾ ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly